രിച്ച് വിദ്യുച്ഛക്തി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ടെലഫോൺ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതിലേക്കായി നിവേദനത്തിന്റെ ഒരു പ്രതി ടെലഫോൺ അധികാരികൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

വെറിറിനറി ഡയറക്ടർ

*൪൨൩. (൧൦൫) ശ്രീ. കെ. ശാർങ്ങധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇപ്പോഴത്തെ വെറിറിനറി ഡയക്ടരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(ബി) ഇദ്ദേഹത്തേക്കാൾ പരീക്ഷായോഗ്യതയുള്ളവർ സർവ്വീസിലുണ്ടോ;

(സി) ഇദ്ദേഹത്തേക്കാൾ സീനിയോറിട്ടിയും, പരീക്ഷായോഗ്യതയുമുള്ളവർ സംയോജനക്കാലത്തു തിരുവിതാംകൂർ ഗവണ്മെണ്ടു് സർവ്വീസിലുണ്ടായിരുന്നില്ലേ?

മരാമത്തും [ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) (൧) ഇൻറർമീഡിയറ്റ്.

(൨) ജി. എം. വി. സി. (മദ്രാസ്)

(൩) പി. ജി. (ബാംഗ്ളൂർ)

(൪) അഡ്വാൻസ്ഡ് മൈക്രോസ്കോപ്പിക്കൽ ടെയിനിംഗ് ആൻഡ് ടെയിനിംഗ് ഇൻബാക്ടീറിയോളജി

(൫) ടെയിനിംഗ് ഇൻ അഡ്വാൻസ് ആനിമൽ ഹസ്ബൻഡ്രി.

(ബി) പലവിഷയങ്ങളിലും ഉന്നതബിരുദങ്ങൾ നേടിയ പല ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഡിപ്പാർട്ട്മെൻറിൽ ഉണ്ട്. അതിൽ ഏറ്റവും കൂടിയ പരീക്ഷായോഗ്യത ഏതാണെന്നു നിർണ്ണയിക്കുക പ്രയാസമാണ്.

(സി) ഇല്ല.

പാഠപുസ്തകം

*൪൨൪. (൧൦൬) ശ്രീ. താമ്പൂർ ഡിസിൽവ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇക്കൊല്ലം മൂന്നാം ഫാറത്തിലേയ്ക്കു് നിശ്ചയിച്ചിട്ടുള്ള 'അക്ഷരൻ മകൾക്കയച്ച കത്തുകൾ' എന്ന വിശിഷ്ട ഗ്രന്ഥം ഇനിയും വിദ്യാർത്ഥികളോട് വാങ്ങുവാൻ പറഞ്ഞിട്ടില്ലാത്ത പല സ്കൂളുകളും നമ്മുടെ സ്റ്റോറിലുള്ളതായി അറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ല.

ഗ്രന്ഥാമകൾ

*൪൨൫. (൧൦൭) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മട്ടാഞ്ചേരിയിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാൻ ഗവണ്മെണ്ടു് വാടകയ്ക്കു് എടുത്തിരുന്ന ഗ്രന്ഥാമകൾ (പുഴയരികിൽ ഉണ്ടായിരുന്നവ) എല്ലാം ഒഴിഞ്ഞുകൊടുത്തുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉദ്യോഗകർക്ക് മാസവാടക എന്തായിരുന്നു;

(സി) പകരം ഉദ്യോഗകർ എടുത്തിട്ടുണ്ടെങ്കിൽ അവരുടെ പ്രതിമാസവാടക എന്തു;

(ഡി) ടി സ്ഥലത്തേയ്ക്ക് ധാന്യങ്ങൾ എത്തിക്കാൻ ട്രാൻസ്പോർട്ട് ചാർജ്ജ് ഇനത്തിൽ കഴിഞ്ഞമാസം എത്ര ചെലവായി?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഒഴിഞ്ഞുകൊടുത്ത ര ഉദ്യോഗകർക്ക് എല്ലാംകൂടി മാസവാടക ഫ, ഠ ര ഠ രൂപ ആയിരുന്നു.

(സി) പകരം ഉദ്യോഗകർ എടുത്തിട്ടില്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

ബസ്സ് സർവ്വീസ്

*ര൨൩. (ഫ൨൫) ശ്രീ. കൃഷ്ണനുണ്ണിപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴയിലെ വെസ്റ്റ് കോസ്റ്റ് സിൻഡിക്കേറ്റ് കമ്പനിക്ക ചേർത്തലയിലെ ഏതെല്ലാം പാതകളിൽ ബസ്സ് സർവ്വീസ് നടത്തുവാൻ അനുവാദം നൽകീട്ടുണ്ട്;

(ബി) അവയിൽ ഏതെല്ലാം പാതകളിൽ ഇപ്പോൾ സർവ്വീസ് നടക്കുന്നുണ്ട്;

(സി) എല്ലാ പാതകളിലും സർവ്വീസ് നടക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തു;

(ഡി) ചേർത്തല തണ്ണീർമുക്കം ബസ്സ് സർവ്വീസ്, കണ്ടത്തിക്കരി മുഹമ്മ ഇവിടങ്ങളിൽകൂടി പോകുന്നതിനു എത്ര മൈൽ അകലമുണ്ട്; ആലപ്പുഴ ചേർത്തല റോഡ് ഫ ഠ—ാം മൈൽ ൭-ാം ഫർലോങ്ങിൽനിന്നും കിഴക്കോട്ട വെട്ടിയിട്ടുള്ള റോഡ് ഗതാഗതയോഗ്യമായാൽ ഇതിലേക്ക് എത്ര മൈൽ വേണ്ടിവരും?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) (ക) ചേർത്തല, അരൂക്കുറ്റി.

(ഖ) അർത്തുങ്കൽ, തണ്ണീർമുക്കം.

(ഗ) തങ്കി, കണിച്ചുകുളങ്കര.

(ബ & സി) മേൽപറഞ്ഞ എല്ലാ പാതകളിലും സർവ്വീസ് നടക്കുന്നുണ്ട്.

(ഡി) ഫ൨½ മൈൽ, ൭½ മൈൽ.

NARAKKAL HIGH SCHOOL

*427. [128] **Sri. M. I. Paul**: Will the Hon'ble Minister for Education be pleased to state whether the Government have any idea to raise the Narakkal High School as a First Grade College ?

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]**: No.

LIBRARY ARCHIVES Kerala Legislative Assembly